# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ.1257

03/10/2016-ന് മറുപടിക്ക്

## സർക്കാർ ജീവനക്കാർക്കിടയിലെ അഴിമതി

**ചോദ്യം**

ശ്രീ.വി.കെ.സി.മമ്മത് കോയ.

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | സർക്കാർ ജീവനക്കാർ സമർപ്പിക്കുന്ന വാർഷിക വസ്തു വിവര പട്ടികകൾ കൃത്യമായി പരിശോധിക്കുന്നതിനും ആവശ്യമെങ്കിൽ അന്വേഷണം നടത്തുന്നതിനും ഉള്ള സംവിധാനം നിലവിലുണ്ടോ; | (എ) | 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 37 ലെ വ്യവസ്ഥയനുസരിച്ച് പാർട്ട്ടൈം കണ്ടിജന്റ് സർവ്വീസിലെ ജീവനക്കാരൊഴികെ എല്ലാ സർക്കാർ ജീവനക്കാരും വാർഷിക വസ്തു വിവര പട്ടിക സമർപ്പിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ഒരു ജീവനക്കാരൻ തെറ്റായ വിവരം നൽകി എന്ന് ബോധ്യപ്പെടുകയാണെങ്കിൽ അയാളുടെ മേലധികാരിക്ക് (Competent Authority) പ്രസ്തുത ജീവനക്കാരനെതിരെ അച്ചടക്ക നടപടി സ്വീകരിക്കാവുന്നതാണ്. |
| (ബി) | ഉണ്ടെങ്കിൽ വസ്തുവിവര പട്ടികയിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥനെതിരെ അന്വേഷണമോ നടപടിയോ ഉണ്ടായിട്ടുണ്ടോ; വിശദ വിവരങ്ങൾ നൽകാമോ; | (ബി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | സർക്കാർ ജീവനക്കാർക്കിടയിലെ അഴിമതി തടയുന്നതിന് ഇത്തരം നടപടികൾ ശക്തിപ്പെടുത്തുമോ ? | (സി) | അഴിമതിക്കാരായ സർക്കാർ ജീവനക്കാർക്കെതിരെ നിയമനാനുസൃതമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ